# തീ പിടിച്ചോടുകയാണ് മനുഷ്യമരങ്ങൾ

ദിലീപ് ഇരിങ്ങാവൂർ

ഇടതൂർന്ന് വളരുന്ന
മനുഷ്യർക്കിടയിൽ
കൈവിട്ടുപോയ അഞ്ച്
വയസുകാരൻ മകനെ
തിരഞ്ഞ് എനിക്ക് മടുത്തു.
എനിക്ക് വാക്കും
അവന് വഴിയും
പിഴച്ചിരിക്കുന്നു.
ചുവപ്പിൽനിന്ന് പച്ച-
യിലേക്കും മഞ്ഞയിലേക്കും
ഓടിക്കയറുന്ന അവന്റെ
ചിത്രം വരയ്ക്കുന്ന ബ്രഷ്
അവനെ തിരയുക്കയാവും.
ശകാരം കൊണ്ട് കണ്ണ്
പൊട്ടിക്കുന്ന അമ്മയെ
മടുത്ത് ഓടിപ്പോയതാണോ?
എന്നാൽ എല്ലാ ക്രോധവും
പൊടുന്നനെ മറവിയിലേക്ക്
വലിച്ചെറിയുന്ന മകനെവിടെ?
പൂക്കളുടെ ഗന്ധങ്ങളിലേക്ക്
ചാടിവീഴുന്ന പൂമ്പാറ്റകളുടെ
നിറക്കൂട്ടും ചിറകടിയും മകന്റെ
സ്വപ്നങ്ങളിൽ ഇനിയും നിറയുമോ?
നഗരത്തിലെ മനുഷ്യ മരങ്ങളൊക്കെ
തീപിടിച്ച് ഓടുകയാണ്.
അവരെയൊക്കെ സദാ അലട്ടുന്നത്
സമയഗണിതമാണ്.
ഒറ്റപ്പെട്ടവന്റെ അകക്കടൽ
ആകാശത്തോളം മുട്ടും.
നടുക്കടലിൽ ഉലയുന്ന
തോണിപോലെ എന്റെ മകൻ...
■




അൻവർ കോഡൂർ

# പുഴയുടെ ആത്മാവ്

പോലീസ് സ്റ്റേഷനിൽ പിടിച്ചിട്ട
മണൽ വണ്ടികളിലൊന്നിൽ
മുളച്ച് പടർന്ന
കാട്ടുവള്ളിച്ചെടിയിൽ
പൂത്തുവിടർന്നു
അറിയാത്ത നിറത്തിലൊരു പൂവ്!
പുഴയുടെ ആത്മാവ്!

കണ്ടവരൊക്കെയും,
ഭരണകർത്താക്കൾ
പോലീസുകാർ
മണൽത്തൊഴിലാളികൾ
ഫ്ളാറ്റ് മുതലാളിമാർ
ഒന്നടങ്കം പറഞ്ഞു,
'മനോഹരം.'

സന്ധ്യയാകുമ്പോഴേക്കും
പൂവ് മരിച്ചുവീണു. ■

# കണ്ണാടിയിൽ ഒരു മലമാന്തി

കെ.കെ ജലീൽ തായിക്കാട്ടുകര

കനലണഞ്ഞ അടുപ്പിൽ തിരുകുവാൻ
ഇന്ന് വിറകുകളില്ല
നാലടുപ്പിൽ കത്തും നാളങ്ങൾക്ക്
നിറം ആകാശനീലിമ
പണ്ടൊക്കെ പുഴുവരിച്ച പച്ചരി
പശി പാതിയടക്കിയിരുന്നു
ഇന്ന് നെയ്യിൽ പുഴുങ്ങിയ നീളനരിയും
എണ്ണകുടിച്ചുവീർത്ത മാംസവും
പഥ്യം തെറ്റിച്ചു വിഴുങ്ങിയിട്ടും
എന്തേ എനിക്ക് മതിവരുന്നില്ല
കാരണം പരതി എന്നോളം പോന്ന
ദർപ്പണം ദർശിച്ച ഞാൻ കണ്ടു
വലിയൊരു മലയിടിച്ചുടച്ച്
വനത്തെ പിടിക്കുവാൻ നിൽക്കുന്നു
തുമ്പിക്കൈ ഉയർത്തി വലിയൊരു
മലമാന്തി... ■